കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് റിപ്പോർട്ട്**

**2018-19**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**

**തിരുവനന്തപുരം.**

**e-mail:**lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1733/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം

തീയതി.15.10.19
ഫോൺ-04712331231
ഇ-മെയിൽ: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യങ്കോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.2/ 1733/2019.

തീയതി:15.10.19

**തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2018 മുതൽ 20.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എം. ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.08.2019 മുതൽ 31.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ശോശാമ്മ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സുരേഷ് ബാബു | ഓഡിറ്റർ (സീനിയർ ഗ്രേഡ്) |
| | | ശ്രീമതി ആശ ജി ആർ | ഓഡിറ്റർ (സീനിയർ ഗ്രേഡ്) |
| | | ശ്രീ.കോസലരാമദാസ്.കെ | ഓഡിറ്റർ (സീനിയർ ഗ്രേഡ്) |
| | | ശ്രീ. രാജു.എസ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

പ്രസിഡന്റ് : ശ്രീ കെ അനിൽ **(1.04.2018 മുതൽ 31.03.2019 വരെ)**

സെക്രട്ടറി : ശ്രീ . എസ് ഒ ഷാജികുമാർ **( 1.04.2018 മുതൽ 31.03.2019 വരെ)**

നിർവഹണ ഉദ്യോഗസ്ഥർ :

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ ശശികുമാർ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീ അജിത് മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി ലിജി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സുബി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മഞ്ജു മോഹൻദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം, ഗവ എച്ച്.എസ് മൈലച്ചൽ | ശ്രീമതി മായ സി. | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീ ബേബി ജോൺ വി,കെ(സീനിയർ അസിസ്റ്റന്റ് ) (ഫുൾ അഡീഷണൽ ചാർജ് ) | 02.08.2018 മുതൽ 30.09.2018 വരെ |
| | ശ്രീമതി സെലിൻ സി.എൽ | 01.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദീപക് എസ് ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ സൂരജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയശ്രീ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി സുനി ബി.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് റിപ്പോർട്ട് | |
| 2 | ബജറ്റ് | 1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 13 | ബജറ്റ് - രൂപീകരണത്തിലെ പാളിച്ചകൾ | 1-12 |
| 14 | കെട്ടിട നിർമ്മാണപെർമിറ്റ് അനുമതി നൽകുന്നതിൽ അപാകതകൾ | 1-13 |
| 15 | ഭരണസമിതി തീരുമാനം ഇല്ലാതെ വസ്തുനികുതി ഡിമാന്റ് കുറവ് ചെയ്തു | 1-14 |
| 16 | കെട്ടിട നികുതി - സ്ഥലപരിശോധന നടത്താതെ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തി | 1-15 |
| 17 | ഫാക്ടറികൾക്കും, വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ക്രമപ്രകാരമല്ല. | 1-16 |
| 18 | ലേലം നടത്തിപ്പിലെ അപാകങ്ങൾ | 1.17 |
| 19 | ചെക്ക് പ്രകാരമുള്ള തുക 2 വർഷം കഴിഞ്ഞിട്ടും കളക്ഷനായിട്ടില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-18 |
| 20 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു-5000/- | 1-20 |
| 22 | ഹരിതഭവനം പദ്ധതിയ്ക്ക് വകയിരുത്തിയതിൽ 18 ശതമാനം മാത്രം ചെലവഴിച്ചു. | 1-21 |
| 23 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾ ലഭ്യമാക്കുന്നില്ല. | 1-22 |
| 24 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. | 1-23 |

| | | |
|---|---|---|
| | പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | |
| 25 | ശാസ്താംകോണം മണിയറക്കോണം റോഡ് സൈഡ്കെട്ട്-ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നല്കി-നഷ്ടം-1663/-രൂപ | 1-24 |
| 26 | റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചു. മരാമത്ത് ചട്ടങ്ങളുടെ ലംഘനം | 1-25 |
| 27 | എംബാങ്ക്മെന്റ് നിർമ്മാണം അധിക നിരക്ക് നൽകി -തുക നിരാകരിക്കുന്നു.1358/-രൂപ | 1-26 |
| 28 | ഓടകളുടെ സൈഡ് വാൾ നിർമ്മാണം ഐകരൂപ്യം പാലിക്കുന്നില്ല. ശരിയായ രീതിയിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. | 1-27 |
| 29 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കുന്നില്ല. | 1-28 |
| 30 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല | 1-29 |
| 31 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു | 1-30 |
| 32 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല . | 1-31 |
| 33 | ക്യാഷ് ബുക്ക് പരിപാലനം ( വി.ഇ.ഒ .ബി-സർക്കിൾ)തൃപ്തികരമല്ല. | 1-32 |
| 34 | ലൈഫ് ഭവന പദ്ധതി- രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല | 1-33 |
| 35 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ -287507/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-34 |
| 36 | പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം | 1-35 |
| 37 | **എ .ബി.സി. പദ്ധതി നടത്തിപ്പിലെ അപാകതകൾ** | 1-36 |
| 38 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും മോണിറ്ററിംഗ് സംവിധാനവും കാര്യക്ഷമമല്ല. | 1-37 |
| 39 | ബി 4 ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-38 |
| 40 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-39 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 49 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| 52 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 53 | അനുബന്ധം-2, വാർഷിക പത്രികകൾ | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5286719 |
| വരവ് | 140571336 |
| ആകെ | 145858055 |
| ചെലവ് | 134204407 |
| നീക്കിയിരിപ്പ് | 11653648 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20762661 | 20762661 | 20762661 | 0 |
| എസ്.സി.പി | 0 | 5850600 | 5850600 | 5850600 | 0 |
| ടി.എസ്.പി | 0 | - | | | |
| സി.എഫ്.സി | 0 | 9821399 | 9821399 | 9821399 | 0 |
| ബി ഫണ്ട് (*1) | 0 | 1410360 | 1410360 | 1410360 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8964540 | 8964540 | 8964540 | 0 |
| മെയിന്റനൻസ്, റോഡിതരം | 0 | 4847875 | 4847875 | 4847875 | 0 |
| എൻ.ആർ.ഇ.ജി.എസ് | 8113 | 899898 | 908011 | 889579 | 18432 |
| SCB Relief (last entry on bank passbook on 25.07.18) | 685 | 10325 | 11010 | 0 | 11010 (പാസ്സ്ബുക്ക് പ്രകാരം 25.7.18 ലെ നീക്കിയിരിപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | | 11510/- രൂപയാണ്) |
| Joint Venture (*2) | -464367 | 3150117 | 2685750 | 2629051 | 56699 |
| Try Tsb ( *3) | 319216 | 18579015 | 18898231 | 14208365 | 4689866 |
| Try - SGRY | 109078 | 0 | 109078 | 109078 | 0 |
| കേരള ഗ്രാമീൺ ബാങ്ക് ലൈഫ് മിഷൻ (*4) | 0 | 6889294 | 6889294 | 5435460 | 1453834 |
| SBT-Saksharatha | 385456 | 13668 | 399124 | 0 | 399124 |
| DCB Thanal Housing Scheme (last entry on bank pass book on 13.10.04 | 49932 | 0 | 49932 | 0 | 49932 |
| SBI E-payment + Mylachal SCB Own fund | 4639871 | 59225625 | 63865496 | 59036704 | 4828792 |
| (*5) Cash | 238735 | 145959 | 384694 | 238735 | 145959 |

(*1) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ ലഭിച്ച 30000/- രൂപ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.
(*2) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് - 1008500/-
ജില്ലാ പഞ്ചായത്ത് വിഹിതം വരവ് - 953750/-
(*3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് - 1612602/-
ജില്ലാ പഞ്ചായത്ത് വിഹിതം വരവ് - 320625/-
ഐ.സി.ഡി.എസ് വരവ് - 687088/-
വിമുക്തി വരവ് - 25000/-
ജനറൽ പർപ്പസ് ഫണ്ട് വിവരം - 10492035/-
(*4) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് - 3132734/-
ജില്ലാ പഞ്ചായത്ത് വിഹിതം വരവ് - 3349746/-
(*5) ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് - 8500/- (Mylachal SCB own fund)
ശുചിത്വമിഷൻ വരവ് - 1612520/- (SBI E-payment)
KURDFC വായ്പ വരവ് - 51593146/- (SBI E-payment)

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 241533723 | 159 | 113553522 | 0 | 63 | 72% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8113 | 899898 | 908011 | 889579 | 18432 |
| ഗുണഭോക്താക്കൾക്ക് | - | 69403437 | 69403437 | 69403437 | - |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 8113 | 70303335 | 70311448 | 70293016 | 18432 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 660360 | 325 |
| കർഷകതൊഴിലാളി പെൻഷൻ | 9713600* | 2407 |
| വിധവാപെൻഷൻ | 15858700 | 3771 |
| വാർദ്ധക്യകാലപെൻഷൻ | 20854100 | 5119 |
| വികലാംഗപെൻഷൻ | 5384200 | 1237 |
| വിവാഹധനസഹായം | 780000 | 26 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 364900 | 85 |

* സേവന സ്റ്റേറ്റ്മെന്റ് പ്രകാരം എ.എഫ്.എസ് പ്രകാരം 19427200/-

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,516/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായി പുറപ്പെടുവിച്ച് ജീവനക്കാർക്ക് രേഖാമൂലം സെക്രട്ടറി ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസ ഓഫീസ് മീറ്റിംഗ് വിളിച്ച് ചേർക്കുന്നുണ്ട് (ക്വാളിറ്റി സർക്കിൾ മിനിട്സ്). സുതാര്യമായ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. ചെലവുകളെല്ലാം വൗച്ചറുകളുടെയും സബ് വൗച്ചറുകളുടെയും മാത്രം അടിസ്ഥാനത്തിൽ നടക്കുന്നു. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവ്-ചെലവ് കണക്കുകളുടെ വിലയിരുത്തൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തുന്നുണ്ട്. ബാങ്ക് നീക്കിയിരിപ്പുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വസ്തുനികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ , ഡെപ്പോസിറ്റ് രജിസ്റ്റർ ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററുകളിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിലുള്ള അന്തരം വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസനത്തിന് ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടലും ചുമതലയും നിർവ്വഹിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് സ്ഥായിയായ വളർച്ചയും വികസനവും പ്രാപ്തമാകുന്ന തരത്തിലുള്ള പദ്ധതികൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടുണ്ട്. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടുണ്ട് |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | രജിസ്റ്റർ ലഭ്യമാക്കിയില്ല |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | വിവരം പ്രദർശിപ്പിക്കുന്നുണ്ട് |
| 11 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം | നൽകുന്നുണ്ട് |
| 12 | PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | മോണിറ്ററിംഗ് നടത്താറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പ പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടുണ്ട് . |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഇതിനായി രൂപീകരിക്കപ്പെട്ട പൊതുഭരണവും ധനകാര്യവും എന്ന വർക്കിംഗ് ഗ്രൂപ്പും ചുമതലകൾ

നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

**ii) സേവനാവകാശം**

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി. 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.34/30.8.19) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2018-19ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

**III)ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനാവലോകനം**

ഗ്രാമസഭാംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നും ഗ്രാമകേന്ദ്രം പ്രവർത്തന മാർഗ്ഗരേഖയിൽ - ജി.ഒ.(എം.എസ്)/112/2014/തസ്വഭവ തീയതി 25.06.2014 - നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ ഗ്രാമകേന്ദ്രങ്ങൾ വഴി ഗുണഭോക്തൃ അപേക്ഷാഫോമുകൾ, നോട്ടീസുകൾ എന്നിവ മാത്രമാണ് വിതരണം ചെയ്യുന്നത് .

ഗ്രാമപഞ്ചായത്തിൽ നിലവിൽ 16 ഗ്രാമകേന്ദ്രങ്ങളും 16 ഫെസിലിറ്റേറ്റർമാരുമാണുള്ളത് . 2018-19 വർഷം 164000/- രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്.

ഓഡിറ്റ് വർഷം ഗ്രാമകേന്ദ്രങ്ങൾ മുഖേന നൽകിയ സേവനങ്ങളുടെ വിവരം, ലഭ്യമായ അപേക്ഷകളുടെ എണ്ണം, ഗ്രാമകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തങ്ങൾ , ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 29/28.08.2019)അപൂർണമായ മറുപടിയാണ് ലഭിച്ചത് .

ഗ്രാമസഭകളുടെ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ വികസന സേവന സാസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത സംവിധാനമായും പൊതു ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രമായും മാറുന്നതരത്തിൽ ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2019 | 2019 ജൂൺ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.11.2018 മുതൽ | 2013-14 മുതൽ 2017-18 വരെ | 10.01.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

നം കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1194/2019 തീയതി 17/08/19 പ്രകാരം പ്രത്യേക റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ്

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇ.എം.എസ് ലോൺ തിരിച്ചടവ് (പ്രോജക്റ്റ് നം 168/19) പ്രകാരം 224850/- രൂപയാണ്. എന്നാൽ ഈ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡിസ്ട്രസ് റിലീഫ് ഫണ്ട് ബാങ്ക് പാസ് ബുക്ക് പ്രകാരം തൻവർഷ വരവ് 10825/-. എന്നാൽ എ.എഫ്.എസ് പ്രകാരം വരവ് 14,195/- ആണ്.

3. കേരള ഗ്രാമീൺ ബാങ്ക് ലൈഫ് മിഷൻ അക്കൗണ്ട് പാസ് ബുക്ക് പ്രകാരമുള്ള 46,814/- (25646/- dated 29.10.18 , 21168/- dated1.2.19) ) രൂപയുടെ വരവ് നാളിതുവരെ പഞ്ചായത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

# 1-12 ബജറ്റ് - രൂപീകരണത്തിലെ പാളിച്ചകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. (ഹോമിയോ മെഡിക്കൽ ഓഫീസർ, വെറ്റിനറി സർജൻ എന്നിവർ ഒഴികെ)
- annexure 3&4 പ്രകാരം സെക്രട്ടറി ബജറ്റ് പ്രോപ്പോസൽ തയാറാക്കിയിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല.
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.
- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല.
- പെർഫോമൻസ് ഓഡിറ്റ് വിംഗ് ബജറ്റ് റിവ്യൂ ചെയ്തതിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

a.<u>ബജറ്റ് - വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവു ചെയ്തു</u>

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക (ബജറ്റ് പ്രകാരം) | വകയിരുത്തിയ തുക (റിവൈസ്ഡ് ബജറ്റ് പ്രകാരം) | ചെലവഴിച്ച തുക |
|---|---|---|---|---|
| 2105001 | ജീവനക്കാരുടെ പി.എഫ് വിഹിതം | 0 | 0 | 85404 |
| 2208001 | മറ്റ് ഭരണചെലവുകൾ | 136500 | 300,000 | 362831 |
| 2305005 | കുടിവെള്ള പദ്ധതികൾ | 10500 | 10500 | 18731 |
| 2531011 | SSA പദ്ധതിക്കുള്ള | 1290000 | 1290000 | 0 |

| | | | | |
|---|---|---|---|---|
| | വിഹിതം | | | |
| 2511006 | എസ്.എസ്.എ മറ്റ് വിദ്യാഭ്യാസ പരിപാടികളും | 0 | 0 | 1290000 |
| 3402001 | റവന്യൂനിക്ഷേപങ്ങൾ | 0 | 0 | 3000 |

നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-13 കെട്ടിട നിർമ്മാണപെർമിറ്റ് അനുമതി നൽകുന്നതിൽ അപാകതകൾ

## (എ) എൻ.ഒ.സി ലഭ്യമാക്കാതെ കെട്ടിടനിർമ്മാണങ്ങൾക്ക് അനുമതി

കാറ്റഗറി II പഞ്ചായത്തുകളിൽ നിലകൾ 2 വരെ എന്ന് പരിമിതപ്പെടുത്തിയതും പ്ലോട്ടിനുള്ളിൽ നിലവിലുള്ളതും നിർദ്ദിഷ്ടമായതും അടക്കം ആകെ 100ച.മീറ്റർ വരെ വിസ്തീർണമുള്ള ഏക കുടുംബ പാർപ്പിടാവശ്യങ്ങൾക്ക് പെർമിറ്റിന് പകരം എൻ.ഒ.സി ആണ് നൽകേണ്ടത്. എന്നാൽ കെട്ടിടത്തിന് നമ്പർ നൽകുന്നതിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് നിർമാണത്തിന് എൻ.ഒ.സി നൽകിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ തന്നെ കെട്ടിട നിർമാണം പൂർത്തിയാക്കുകയും കെട്ടിട നമ്പർ അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം/ ഫയൽ നം | ഉടമയുടെ പേര് (പാർപ്പിടാവശ്യം) | വിസ്തീർണം (ച.മീ) |
|---|---|---|
| XIV/544<br>A3/7642/18 dated 4.8.18 | സഞ്ജയ് കുമാർ | 27.3 |
| IV/855<br>A3/7658/18 dated 4.08.18 | ഓമന, വലിയവിളപ്പുറം | 64.08 |
| XIII/652<br>A3/7689/16 dated 2.8.18 | സഹദേവൻ, ആര്യങ്കോട് | 86.54 |
| IV/861<br>A3-8326/18 | യോഹന്നാൻ, കാലായിൽ | 87.57 |

**(ബി) ക്രമവത്ക്കരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിക്കുന്നു.**

പെർമിറ്റെടുക്കാതെ നിർമാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്ന സമയത്ത് പെർമിറ്റ് അനുവദിച്ച വിസ്തീർണത്തിൽ അധികരിച്ച കെട്ടിടനിർമാണത്തിന് അധികമുള്ള ഏരിയയ്ക്ക് ക്രമവത്ക്കരണഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | പേര് | ആകെ വിസ്തീർണം(ച.മീ) | പെർമിറ്റ് അനുവദിച്ച ഏരിയ (ച.മീ) | അധികമുള്ള ഏരിയ(ച.മീ) |
|---|---|---|---|---|
| A2/BA84435/17 | അഖിൽ, പട്ടംചിറ(XV/671) | 175.15 | 152.72 | 22.43 |
| A3/847/18 dated 18.09.18 | II/680 | 168.76 | 134 | 34.76 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 30/29.08.2019) എൻ.ഒ.സി രജിസ്റ്റർ നിലവിൽ തയാറാക്കിയിട്ടുണ്ടെന്നും, ക്രമവത്ക്കരണഫീസ് കുറവായി ഈടാക്കിയകെട്ടിടഉടമകളോട് ഫീസ് ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**(സി) രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത**

2018-19 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ്,നമ്പറിംഗ് എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ/ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2018-19 വർഷത്തിൽ ആകെ 116 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം)ലഭ്യമായിട്ടുള്ളത്. രജിസ്റ്ററിലെ ചില പേജുകളിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ( ഉദാ- പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ) രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്താൻ കഴിയുന്നില്ല. ചട്ടപ്രകാരമുള്ള സമയ പരിധിക്കകം പൂർത്തിയാക്കാത്ത കേസുകളിൽ ഇവയുടെ എക്സ്റ്റൻഷൻ, റിന്യൂവൽ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാൽ ഇവയുടെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ എൻ.ഒ.സി നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളും (ഉദാ- ലൈഫ് പദ്ധതി പ്രകാരം അനുവദിച്ചവ) പെർമിറ്റ് രജിസ്റ്ററിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

# 1-14 ഭരണസമിതി തീരുമാനം ഇല്ലാതെ വസ്തുനികുതി ഡിമാന്റ് കുറവ് ചെയ്തു

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി (കറണ്ട്, അരിയർ ഉൾപ്പെടെ) തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. വസ്തുനികുതി (റസിഡൻഷ്യൽ ) ഇനത്തിൽ 5,46,125/- ഉം വസ്തുനികുതി (നോൺ റസിഡൻഷ്യൽ ) ഇനത്തിൽ 2,68,903/-ഉം ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത്രയും തുക ഡിമാന്റിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം, ഒഴിവാക്കൽ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. 1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയാണ് 815028/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്.

സ.ഉ (എം.എസ് ) നം 358/2015 /തസ്വഭവ ഉത്തരവ് പ്രകാരമാണ് 8,15,028/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതെന്നും ആയതിന് പ്രത്യേക ഭരണസമിതി തീരുമാനം ഇല്ലാത്തതുമാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 33/29.08.2019) മറുപടി നൽകിയിട്ടുണ്ട്.

# 1-15 കെട്ടിട നികുതി - സ്ഥലപരിശോധന നടത്താതെ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തി

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 8334 കെട്ടിടങ്ങളുടെ ഡാറ്റാപ്യൂരിഫൈ ചെയ്തിരിക്കുന്നു. പ്യൂരിഫിക്കേഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 33/30.08.2019) ഡാറ്റാ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ ലഭ്യമല്ല എന്നും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ലിസ്റ്റ് ഉപയോഗിച്ച് ഫീൽഡ് വിസിറ്റ് നടത്തിയാണ് ടി പ്രക്രിയ പൂർത്തിയാക്കിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഫീൽഡ് വിസിറ്റ് നടത്തിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഡാറ്റാപ്യൂരിഫിക്കേഷൻ മുഖേന സഞ്ചയ സോഫ്റ്റ്വയറിൽ കെട്ടിട ഡിമാന്റിൽ വരുത്തിയ മാറ്റങ്ങളുടെ നിജസ്ഥിതി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

# 1-16 ഫാക്ടറികൾക്കും, വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ്

# നൽകൽ- ക്രമപ്രകാരമല്ല.

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ലഭ്യമാകുന്നതിനുള്ള അപേക്ഷകളിൽ വിറ്റ് വരവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി ആയത് സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെ തൻവർഷം ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നു. അപേക്ഷകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.വിറ്റ് വരവ് രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു.

| അപേക്ഷകന്റെ പേര്. | വാർഡ് |
|---|---|
| 1.വിനോദ്കുമാർ.കെ. | XVI-482 |
| 2.രാധാകൃഷ്ണണൻ നായർ .ആർ. | XV-577 |
| 3.മനോഹരൻ | I-718 |
| 4.സുജൻ സിംഗ് | VI-567,586 |
| 5.ഗിരിജ വൈ | IV-821 |

2.സ്ഥലപരിശോധന റിപ്പോർട്ട് ഇല്ലാതെ ലൈസൻസ് അനുവദിച്ചു

| അപേക്ഷകന്റെ പേര്. | വാർഡ്. |
|---|---|
| 1.നിർമ്മല പുഷ്പം | VIII-31 |
| 2.വിനോദ്കുമാർ | XVI-285 |
| 3.സതീഷ് കുമാർ | II-93 |
| 4.സൈലസ് | IX-112 |
| 5.സനൽകുമാർ | VIII-228 |

3. സെക്രട്ടറി അഭിപ്രായമോ,ഒപ്പോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് നൽകി.

| അപേക്ഷകന്റെ പേര്. | വാർഡ്. |
|---|---|
| 1.സതീഷ് കുമാർ | II-93 |
| 2.സൈലസ് .എൻ | *IX-112* |
| 3.മനോഹരൻ | I-718 |
| 4.വിപിൻ പ്രകാശ്. | *IV-221* |
| 5.സെബിൻ.എസ്. | IV-700 |
| 6.രജീഷ്.സി.എസ്. | I-758 |

**4.ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറയുന്നു.**

| വർഷം | ലൈസൻസ്എണ്ണം | തുക |
|---|---|---|
| 2016-17 | 247 | 139785 |

| | | |
|---|---|---|
| 2017-18 | 262 | 119550 |
| 2018-19 | 210 | 278200 |

പഞ്ചായത്ത് പരിധിയിൽ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന വ്യാപാരങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 8/19-ന് നൽകിയ മറുപടിയിൽ 2017-18 വർഷത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ 2018-19വർഷത്തിൽ പ്രവർത്തനക്ഷമമല്ല എന്ന് ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടതായി അറിയിച്ചു. എന്നാൻ അപ്രകാരമുള്ള റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫീൽഡ്പരിശോധന നടത്തി വാർഡ്തല ടെയിഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ലേലം നടത്തിപ്പിലെ അപാകങ്ങൾ

പഞ്ചായത്ത് പരിധിയിലെ മണ്ണാംകോണം കൃഷിഭവനിൽ അപകടാവസ്ഥയിൽ നിന്നിരുന്ന 4 തേക്ക് വൃക്ഷങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ 30-10-17-ലെ 13(10)-ാം നമ്പർ തീരുമാനപ്രകാരം മുറിച്ച് മാറ്റുന്നതിനും അതിൻെറ വില നിശ്ചിയിച്ച കിട്ടുന്നതിനായി അസി.ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകുവാനും തീരുമാനിച്ചു. അസി.ഫോറസ്റ്റ് കൺസർവേറ്റർ 9-1-2018-ലെ SFA2-2493/17കത്ത് പ്രകാരം 18% ജി.എസ്.റ്റി. ഉൾപ്പെടെ 4 തേക്ക് വൃക്ഷങ്ങൾക്ക് 2,13,903/-രൂപ വില നിശ്ചയിച്ച് പഞ്ചായത്തിന് നൽകി. ആ കത്തിൽ മുറിച്ച് മാറ്റുന്ന 4 തേക്ക് വൃക്ഷങ്ങൾക്ക് പകരം 40 വൃക്ഷതൈകൾ വച്ച് പിടിപ്പിക്കണമെന്നും, കേരള വന നിയമം-1961 സെക്ഷൻ 75A പ്രകാരം ലേല തുകയുടെ 5% തുക വനവികസന നികുതിയായി ലേലം നടത്തുന്നയാൾ ഒടുക്കണമെന്നും നിർദ്ദേശിച്ചു. 12-2-18ൽ നടത്തിയ ലേലം അടിസ്ഥാനവില കൂടിയെന്ന കാരണത്താൽ നടന്നില്ല. 28-7-18ൽ നടന്ന ലേലത്തിൽ അടിസ്ഥാന വിലയുടെ 10% കുറച്ച് 1,93,000/-രൂപയ്ക്ക് ഹാഷിം എന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിച്ചു. 1,93,000/-രൂപയും 18% ജി.എസ്.റ്റിയും ചേർത്ത് ലേലം വിളിച്ച ശ്രീ ഹാഷിം 2,27,740/-രൂപ പഞ്ചായത്ത് ഫണ്ടിൽഒടുക്കി. ലേലം നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലേലം നടത്തിപ്പിനായുള്ള ലേല ഡയറി അപൂർണ്ണമാണ്. ലേല ഡയറിയിൽ ലേല തിയതി രേഖപ്പെടുത്തിയിട്ടില്ല.

2. ലേല ഡയറിയിൽ ലേലം വിളിച്ച ഉദ്യോഗസ്ഥന്റെയോ പഞ്ചായത്ത് സെക്രട്ടറിയുടെയോ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3. ലേല ഡയറിയിൽ ലേലം വിളിക്കപ്പെട്ട തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

4. അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 9-1-2018-ലെ SFA2-2493/17നം കത്തിലെ നിർദ്ദേശാനുസരണം മുറിച്ച് മാറ്റിയ 4 തേക്ക് വൃക്ഷങ്ങൾക്ക് പകരം 40 വൃക്ഷതൈകൾ വച്ച് പിടിപ്പിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല..

5. കേരള വന നിയമം 1961 സെക്ഷൻ 75A പ്രകാരം ലേല തുകയുടെ 5% തുക വനവികസന നികുതിയായി ലേലം നടത്തുന്നയാൾ ഒടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം തുക ഒടുക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-18 ചെക്ക് പ്രകാരമുള്ള തുക 2 വർഷം കഴിഞ്ഞിട്ടും കളക്ഷനായിട്ടില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

എസ്.ബി.ഐ ഇ പേയ്മെന്റ് അക്കൗണ്ടിൽ മാർച്ച് 2019 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം cheques deposited but not collected into bank എന്നയിനത്തിലെ 901/- രൂപ (ചെക്ക് നം 1010/31.03.2017) കളക്ഷനായിട്ടില്ല. പ്രസ്തുത ചെക്കിന്റെ വിശദാംശങ്ങൾ ( ചെക്കിന്റെ ഇനം, നൽകിയ ആളുടെ പേര്, ചെക്ക് ബാങ്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ടോ, ചെക്ക് കളക്ഷനാകാതെ മടങ്ങിയ വിവരം നൽകിയ ആളിനെ അറിയിച്ചിട്ടുണ്ടോ, തുക ക്യാഷായി ഈടാക്കിയിട്ടുണ്ടോ) ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ചെക്ക് ലഭ്യമായപ്പോൾ ആയത് വരവായി കണക്കാക്കിയിരിക്കുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. (ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ സൂക്ഷിക്കുന്നില്ല). ആയതിനാൽ 901/- രൂപ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്ന തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ വർഷങ്ങളിലും വിവിധ സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.. തൻ വർഷവും ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് ഉൾപ്പെടെ വികസനഫണ്ട്, സി.എഫ്.സി ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്

എന്നിവയിൽ നിന്നും 42,38,458/- രൂപ വകയിരുത്തുകയും 35,85,928/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

a) തെരുവ് വിളക്കുകളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. വൈദ്യുത ലൈൻ നീട്ടുന്നതിനും പോസ്റ്റ് മാറ്റുന്നതിനുമായി പ്രോജക്ട് നം 23/19, 147/19 എന്നിവ പ്രകാരം യഥാക്രമം 634998/- രൂപയും 174840/- രൂപയും സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. നിലവിലുള്ള വൈദ്യുത പോസ്റ്റുകളുടെയോ തൻ വർഷം മേൽ പദ്ധതികൾ പ്രകാരം കൂട്ടിച്ചേർത്ത വയുടേയോ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. . കൂടാതെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിനായി പ്രോജക്ട് നം 241/19 പ്രകാരം വികസന ഫണ്ടിൽ നിന്നും 1,09,474/- രൂപ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 11/19 24.08.2019) മറുപടി നൽകിയത്. മീറ്റർ ഘടിപ്പിച്ചിട്ടുള്ളവയുടേയും, മീറ്റർ ഘടിപ്പിക്കാൻ അവശേഷിക്കുന്ന പോസ്റ്റുകളുടെയും എണ്ണമോ മറ്റ് അടിസ്ഥാന വിവരങ്ങളോ പഞ്ചായത്തിൽ ലഭ്യമല്ല. തെരുവ് വിളക്കുകളുടേയും, മീറ്ററിംഗ് സംവിധാനം നടപ്പാക്കിയവയുടേയും കൃത്യമായ എണ്ണവും ലൊക്കേഷൻ മാപ്പ് ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന വിവരങ്ങളും വൈദ്യുത ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. കെ.എസ്.ഇ.ബി യ്ക്ക് ഈ ആവശ്യം ഉന്നയിച്ച് കത്ത് നൽകിയിട്ടുണ്ടെങ്കിലും സഹകരിക്കുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (11/24.8.19) മറുപടി ലഭ്യമാക്കി. പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ സംരക്ഷണവും പരിപാലനവും പഞ്ചായത്തിന്റെ അനിവാര്യചുമതലയും പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ പൊതുലക്ഷ്യവുമാണ്. ആയതിനാൽ തെരുവ് വിളക്കുമായി ബന്ധപ്പെട്ട മുഴുവൻ ആസ്തിവിവരങ്ങളും കാലികമാക്കി സൂക്ഷിക്കേണ്ടതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും നടപടി സ്വീകരിക്കേണ്ടതാണ്.

b) വൈദ്യുതോപകരണങ്ങളുടെ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമില്ല – വിതരണം വിനിയോഗം കൃത്യമായ രേഖകളില്ല.

പ്രോജക്ട് നം 148/19 പ്രകാരം വികസന ഫണ്ടിൽ നിന്നും 1,39,687/-രൂപ വിനിയോഗിച്ച് ടെൻഡർ നടപടികളിലൂടെ പ്രദീപ് എന്റർപ്രൈസസിൽ നിന്നും CFL ബൾബ് , ട്യൂബ് , LED ബൾബ് PVC അലുമിനിയം വയർ തുടങ്ങിയവയും, പ്രോജക്ട് നം 206/19 പ്രകാരം 11,93,508/- രൂപയ്ക്ക് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിലെ തെരുവ് വിളക്ക് നിർമ്മാണ യൂണിറ്റ് കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് ഉൽപ്പാദിപ്പിക്കുന്ന LED സ്ട്രീറ്റ് ലൈറ്റ് യൂണിറ്റുകളും (515 എണ്ണം) വാങ്ങിയിട്ടുണ്ട്. ഈ വാങ്ങൽ നടപടികൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച നടത്തുകയോ തീരുമാനങ്ങൾ എടുക്കുകയോ അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. മേൽ പദ്ധതികൾ പ്രകാരം വാങ്ങിയതും മെയിന്റനൻസിനായി വിതരണം ചെയ്തതുമായ വൈദ്യുതോപകരണങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മാറ്റിസ്ഥാപിച്ച പഴയ ഉപകരണങ്ങൾ തിരികെ ലഭിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. പുതിയതായി സ്ഥാപിക്കുന്നതിന് വാങ്ങിയ 515 എണ്ണം LED സ്ട്രീറ്റ് ലൈറ്റ് യൂണിറ്റുകളും വിതരണം ചെയ്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി അധികാരപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോ വാർഡിലേയും മെമ്പർമാർ തങ്ങളുടെ വാർഡിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ പോസ്റ്റ് നം എഴുതിയ ഏതാനും പേപ്പറുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ഇതിൽ XI, V, IX വാർഡുകളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

c) ഹൈമാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പാക്കിയില്ല.

കാവല്ലൂർ, കുറ്റിയാണിക്കാട്, മഞ്ചാംകോട്, ചെമ്പൂര്, തുടലി വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തുന്നതിനായി 19.11.2018 മുതൽ 20.11.2018 തീയതി വരെയുള്ള കാലയളവിൽ മേൽ വാർഡ് മെമ്പർമാർ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ഇതിനായി പ്രോജക്ട് നം 205/18-19 പ്രകാരം വികസനഫണ്ടിൽനിന്നും 1,00,000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല. പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള ഇത്തരം പദ്ധതികൾ നടപ്പാക്കാതിരുന്നതിനുള്ള കാരണം ആവശ്യപ്പെട്ട്കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 26/19 തീയതി 29.8.2019 ന് മറുപടി ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലന ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന് കീഴിൽ പ്രവർത്തിക്കുന്ന മരാമത്ത് പ്രവൃത്തികളും, ഊർജവും എന്ന വർക്കിംഗ് ഗ്രൂപ്പും ഈ വിഷയത്തിൽ ഇടപെടുകയോ പദ്ധതി നിർവ്വഹണ വേളയിൽ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു-5000/-

ചെക്ക് നം. 356663/09.08.2018 പ്രകാരം (വൗച്ചർ നം 21800410) ഓണം 2018 വാരാഘോഷത്തിന്റെ സംഭാവനയിനത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് 5,000/- രൂപ സംഭാവനയായി നൽകിയിരുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 2018 ലെ ഓണാഘോഷപരിപാടികൾ റദ്ദ് ചെയ്തിരുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.09.18 ലെ 1-ാം നമ്പർ തീരുമാന പ്രകാരം , സംഭാവനയായി നൽകിയ തുക തിരികെ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 ഹരിതഭവനം പദ്ധതിയ്ക്ക് വകയിരുത്തിയതിൽ 18 ശതമാനം മാത്രം ചെലവഴിച്ചു.

അടങ്കൽ തുക – 420000/- (വികസന ഫണ്ട്)

420000/-( ജില്ലാ പഞ്ചായത്ത് വിഹിതം)

524400/- ( ഗു. ഭോക്തൃവിഹിതം, നേരിട്ട് ചെലവഴിക്കൽ)

ആകെ 1364400/-

ചെലവ് തുക 224100/- (വി.ഫ 105000/-, ജില്ലാ പ. വിഹിതം 105000/-, ഗു . വി 14100/-)
35000/- ബിൽ നം. 11/18-19 തീയതി.18.1.19
28000/- ബിൽ നം.12/18-19 തീയതി. 13.2.19
42000/- ബിൽ നം.14/18-19 തീയതി.27.3.19

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പഞ്ചായത്തിലെ നാമമാത്ര ചെറുകിട കർഷകർക്കും, കാലി വളർത്തൽ, കോഴി വളർത്തൽ, സമഗ്ര പുരയിട കൃഷി തുടങ്ങിയ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും കിണർ റീചാർജ്, കോഴിക്കുഞ്ഞ് വിതരണം, കോഴിക്കൂട് നിർമ്മാണം, മാലിന്യ സംസ്കരണ യൂണിറ്റ്, ഗ്രോ ബാഗ് ഉൾപ്പെടെ നടീൽ വസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റ് പ്രാവർത്തികമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തു. 60 ഗുണഭോക്താക്കൾക്ക് 22,740/- രൂപ സബ്സിഡിയായി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 15 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഈ പദ്ധതിയുടെ ആനുകൂല്യം നൽകിയിരിക്കുന്നത്. ഗ്രാമ സഭവഴി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് തായ്യാറായില്ല. പദ്ധതി ആസൂത്രണ വേളയിൽ ഇത് സംബന്ധിച്ച ചർച്ചകളോ കൂടിയാലോചനകളോ ഉണ്ടായിട്ടില്ല. 6.10.2018, 22.10.2018, 24.11.2018 തീയതികളിൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നിരുന്നുവെങ്കിലും ഈ പദ്ധതി സംബന്ധിച്ച് യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. 6.10.2018 ലെ മീറ്റിംഗിൽ യാതൊരു തീരുമാനവും ഇല്ലാതെ പങ്കെടുത്ത അംഗങ്ങളുടെ പേരുകൾ മിനിട്ട്സിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. കിണർ റീചാർജിംഗ് ചെയ്യുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും ബോധ്യപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

സബ്സിഡി ആനുകൂല്യം ലഭിച്ച 15 ഗുണഭോക്താക്കളും പദ്ധതിയുടെ ഭാഗമായ കിണർ റീചാർജ്, കോഴിക്കുഞ്ഞ് വിതരണം, കോഴിക്കൂട് നിർമ്മാണം, മാലിന്യ സംസ്കരണ യൂണിറ്റ്, ഗ്രോ ബാഗ് ഉൾപ്പെടെ നടീൽ വസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റ് പൂർണ്ണമായും നിർവ്വഹിച്ചതായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പദ്ധതി ആനുകൂല്യത്തിന് ലഭിച്ച അപേക്ഷകളിൽ, മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള മാർക്ക് നൽകി അർഹരായ ഗുണഭോക്താകളെ തിരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

ആസൂത്രണത്തിലും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷി വർക്കിംഗ് ഗ്രൂപ്പും ജാഗ്രത പുലർത്താത്തതിനാലാണ് കാർഷികാഭിവൃദ്ധിയും അതോടൊപ്പം കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്നതുമായ പദ്ധതി പൂർണമായും നടപ്പാക്കാൻ സാധിക്കാതെ വന്നത്. ഇത്തരം പിഴവുകൾ പരിഹരിച്ച് ഭാവിയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്.

# 1-22 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ ചെലവ് രേഖകൾ ലഭ്യമാക്കുന്നില്ല.

സർക്കുലർനം1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾക്ക് നൽകേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചെമ്പൂര് ഒലിപ്പിൽ റോഡ് പുനരുദ്ധാരണം (172/19) പദ്ധതിയുടെ വരവ് ചെലവ് രേഖകൾ സമിതികൾ ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിക്കായി 4,39,308/- രൂപാ ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇത് കൺവീനർക്ക് അധിക ആനുകൂല്യം ലഭിക്കാൻ ഇടയാക്കിയേക്കാം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ ഇവിടെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# 1-23 പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി.പൊതുമരാമത്ത് വകുപ്പ് മാനവൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ജി.ഒ.(എം.എസ്)72/2017 ത,സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | കവലൂർ പട്ടംചിറ റോഡ് ഓടയും സൈഡ് കെട്ടും (114/2019) | 18/12/2018 | തീരുമാനം നം 3(5)തീയതി 22/12/18 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ,പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

# 1-24 ശാസ്താംകോണം മണിയറക്കോണം റോഡ് സൈഡ്കെട്ട്-ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നല്കി-നഷ്ടം-1663/-രൂപ

പദ്ധതി നം - 112/2019

അടങ്കൽ - 350000/-

ചെലവ് - 349094/-

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ- - ടൈറ്റസ്

ബിൽ നം – 59/266/18-19 തീ. 21/01/19

എം ബുക്ക് നം – 378/18-19

പ്രസ്തുത പ്രവൃത്തി കരാറുകാരൻ 0.5 % കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ചെയ്ത് നിർവഹിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതെ തുക അനുവദിച്ചതിനാൽ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത ഓഡിറ്റ് എൻക്വയറി നം 22/2019 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയപ്പോൾ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാം എന്ന മറുപടി ലഭ്യമാക്കി. വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 3,32,591/-

ടെണ്ടർ കുറവ്(0.5 %) - 1663/-

കണക്കാക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം -330928

ടെണ്ടർ കുറവ് പരിഗണിക്കാതെ തുക നൽകിയതിനാൽ 1,663/- രൂപ അധികമായി ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നു.ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-25 റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചു. മരാമത്ത് ചട്ടങ്ങളുടെ ലംഘനം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-4 പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വേണ്ട പക്ഷം റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് മേൽ നിർദ്ദേശം പാലിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണം നടത്തി.

| പ്രവൃത്തി | കരാർ ചമച്ച തീയതി | എസ്റ്റിമേറ്റ് റിവൈസ് ചെയ്ത തീയതി | അടങ്കൽ |
|---|---|---|---|
| പുളിയറത്തല പടിപ്പുര വീട് ബണ്ട് റോഡ് സൈഡ്കെട്ട് | 9/8/18 | തീരുമാനം നം 2/17 തീയതി 27/06/18 | 250000/- |
| മൈലച്ചൽ വേങ്കോട്ടുകുഴി റോഡ് സൈഡ്കെട്ട് | 5/8/18 | തീരുമാനം നം 2/15 തീയതി 27/06/18 | 450000/- |

മരാമത്ത് ചട്ടങ്ങൾക്ക് വിധേയമായി പ്രവൃത്തികൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 എംബാങ്ക്മെന്റ് നിർമ്മാണം അധിക നിരക്ക് നൽകി -തുക നിരാകരിക്കുന്നു.1358/-രൂപ

പദ്ധതിയുടെ പേര് -വഴുതോട്ടുകോണം ഏലാറോഡ് രണ്ടാം മെറ്റലിംഗ് & ടാറിംഗ്

പദ്ധതി നം -182/2019

അടങ്കൽ -3,83,000/-

ചെലവ് -3,82,606/-

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ- -വിനോദ്കുമാർ

ബിൽ നം -72/396/18-19 തീ. 19/03/19

എം ബുക്ക് നം -451/18-19

കോസ്റ്റ് ഇൻഡക്സ് -50.98%-

ഈ പദ്ധതിയിൽ ഇനം നം 6 ആയി 23$m^3$ എംബാങ്ക്മെന്റ് നിർമ്മാണത്തിന് 479-06/$m^3$ നിരക്കിൽ 11018-38 രൂപ നൽകിയിട്ടുണ്ട്. എന്നാൽ DSR 2016 cost index -50.98%-പ്രകാരം പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്ക് 420/$m^3$ ആണ്. അനുവദിക്കേണ്ടിയിരുന്ന ആകെ തുക 9660/- മാത്രമാണ്. ടി അപാകത ഓഡിറ്റ് എൻക്വയറി നം 22/2019 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയപ്പോൾ ബില്ല് തയ്യാറാക്കുമ്പോൾ സംഭവിച്ച നോട്ടപ്പിശക് മൂലമാണ് പ്രസ്തുത അപാകത സംഭവിച്ചത് എന്നും നഷ്ട തുക ഈടാക്കാം എന്നും മറുപടി നല്കി. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ തുക 1,358/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-27 ഓടകളുടെ സൈഡ് വാൾ നിർമ്മാണം ഐകരൂപ്യം പാലിക്കുന്നില്ല. സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം നിശ്ചിത നീളത്തിലും താഴ്ചയിലും എർത്ത് വർക്ക് നടത്തിയ ശേഷം M10-ഉപയോഗിച്ച് bottom layer കോൺക്രീറ്റ് ചെയ്തശേഷം ശേഷിക്കുന്ന ഉയരത്തിന് M15 ഉപയോഗിച്ച് ഓടകളുടെ ഇരുവശത്തും സൈഡ് വാളുകൾ നിർമ്മിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയുള്ള ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളിലെ ഓടകളുടെ സൈഡ് വാൾ നിർമ്മാണം അധിക ചെലവിന് കാരണമായിട്ടുണ്ട്.

a.അയന്തിക്കോണം ചിലമ്പറോഡിന്റെ ഓട നിർമ്മാണം(94/19)

ടി പ്രവൃത്തിയിൽ ചുവടെ പറയും പ്രകാരമുള്ള അളവുകളിൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

a.എർത്ത് വർക്ക് -56.4x0.90x0.65

b.കോൺക്രീറ്റ് M10 -56.4x0.90x0.10 (bottom layer)

ശേഷം M15 ഉപയോഗിച്ച് ഇരുവശവും ഓടയുടെ സൈഡ് വാൾ നിർമ്മിക്കാവുന്ന പരമാവധി അളവ് 2x56.4x0.20x0.55 =12.408$m^3$ ആണ്. എന്നാൽ ഇവിടെ 14.775m3 അളവിൽ M15 ഉപയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. പ്രസ്തുത ഇനത്തിന് (M15) ഓടയുടെ സൈഡ് വാൾ നിർമ്മിക്കുന്നതിന് വേണ്ടി മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നത്.ആയതിനാൽ ഈ ഇനത്തിന്റെ നിർവഹണത്തിൽ 2.367$m^3$ ന് @7531-92 രൂപ നിരക്കിൽ 17828/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

b.കാവല്ലൂർ പട്ടംചിറ റോഡ് ഓടയും സൈഡ്കെട്ടും

ടി പ്രവൃത്തിയിൽ ഓടനിർമ്മാണത്തിനായി ചുവടെ പറയും പ്രകാരം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

a.എർത്ത് വർക്ക് -94.2x0.85x0.60 =48.042$m^3$

-60x0.90x0.60 = 32.40$m^3$

ആകെ = 80.442$m^3$

b.M10-bottom layer of drain- =94.2x0.85x0.10 =8.007$m^3$

=60x0.90x0.10 =5.4$m^3$

ആകെ= 13.407$m^3$

ഇവിടെ 60 cm താഴ്ചയിൽ എർത്ത് വർക്ക് ചെയ്തശേഷം 10 cm കനത്തിൽ M10 ചെയ്തിട്ടുണ്ട്. ശേഷം M15 ചെയ്യേണ്ടിയിരുന്ന പരമാവധി ഉയരം 50 cm മാത്രമാണ്. എന്നാൽ ചുവടെ പറയും പ്രകാരമാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്.

M15-side walls of drain-2x94.2x0.20x0.60=22.608$m^3$

-2x60.0x0.20x0.60=14.400$m^3$

ആകെ= 37.008$m^3$

പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ് -2x94.2x0.20x0.50=18.84$m^3$

-2x60.0x0.20x0.50=12.00$m^3$

-ആകെ =30.84$m^3$

ഈ ഇനത്തിന്റെ നിർവഹണത്തിൽ 36.924$m^3$ (limited quantity) ന് @7531-92 രൂപ നിരക്കിൽ 278108.60/-രൂപ നൽകിയിട്ടുണ്ട്. തൻമൂലം ഈ ഇനത്തിന് 6.084$m^3$ ന് 7531-92 രൂപ നിരക്കിൽ 45824/-രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 17 ലൂടെ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ അയന്തിക്കോണം ചിലമ്പറോഡിന്റെ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ ഓടയുടെ അതിരിനോട് ചേർന്ന് മണ്ണ് ഖനനം ചേയ്യേണ്ടി വന്നതിനാൽ വീടിന്റെ മുൻവശം, മുറ്റം,കിണർ,എന്നിവയ്ക്ക് അപകടാവസ്ഥ ഉണ്ടായതിനാലാണ് ഓടയുടെ വശങ്ങളുടെ ഉയരം വർദ്ധിപ്പിക്കേണ്ടിവന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് ശരിയായ രീതിയിൽ സ്ഥലപരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കാവല്ലൂർ പട്ടംചിറ റോഡ് ഓടയും സൈഡ്കെട്ടും എന്ന പ്രവൃത്തിയിൽ റോഡിന്റെ ഒരു ഭാഗത്ത് ആഴം കുറഞ്ഞ് വെള്ളം കരകവിഞ്ഞ് ഒഴുകുന്നതിനാലാണ് ഓടയുടെ ഉയരം വർദ്ധിപ്പിക്കേണ്ടി വന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഇതു സംബന്ധിച്ച് പരാമർശമില്ല. നേരിട്ട് സ്ഥല പരിശോധന നടത്തി അനുയോജ്യ രീതിയിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും അധിക ചെലവ് ഉണ്ടാകുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

# 1-28 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| പ്രവൃത്തി സംബന്ധിക്കുന്ന വിവരം | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| കാവല്ലൂർ പട്ടംചിറ റോഡ് ഓടയും സൈഡ്കെട്ടും (114/19)<br>കരാറുകാരൻ-കൃഷ്ണൻകുട്ടി<br>അടങ്കൽ-453000/-<br>പി.എ.സി. | 05/08/18 | 04/12/18 | 18/12/18 | 4525 |

| | | | | |
|---|---|---|---|---|
| 452547<br>പൂർത്തീകരണ കാലാവധി-നാല് മാസം | | | | |
| മാത്തുവിള ബണ്ട് റോഡ് സൈഡ് കെട്ട്-(117/19)<br>കരാറുകാരൻ- ടൈറ്റസ്<br>അടങ്കൽ- 225000/-<br>പി.എ.സി.<br>224100/-<br>പൂർത്തീകരണ കാലാവധി-നാല് മാസം | 26/07/18 | 25/11/18 | 26/02/19 | 6723 |
| ശാസ്താംകോണം മണിയറക്കോണം റോഡ് സൈഡ് കെട്ട്. (കരാറുകാരൻ- ടൈറ്റസ്<br>അടങ്കൽ- 350000/-<br>പി.എ.സി.<br>348250/-<br>പൂർത്തീകരണ കാലാവധി-നാല് മാസം | 26/07/18 | 25/11/18 | 14/12/18 | 3482 |
| ആകെ | | | | 14730 |

പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ അതാതു കരാറുകാരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ നിന്നും ഫാറവിലയിനത്തിൽ 24,070/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം 01/2019 ന് ലഭ്യമായ വിവരം) അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-30 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ – പദ്ധതികളിൽ 70% ൽ അധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്,കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. പതിമൂന്നാം

പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2019 ന് ഇവ തയ്യാറാക്കിയിട്ടില്ല എന്നും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-31 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല .

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഒടുക്ക് വരുത്തിയ 2,01,095/-രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 2,011/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയം ഓഡിറ്റ് എൻക്വയറി നം 2/2019 ലൂടെ നിർവഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.

## 1-32 ക്യാഷ് ബുക്ക് പരിപാലനം ( വി.ഇ.ഒ .ബി-സർക്കിൾ)തൃപ്തികരമല്ല.

വി.ഇ.ഒ .ബി-സർക്കിൾ മൂന്ന് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്.വരവ് ചെലവ് രേഖകൾ രേഖപ്പെടുത്തുന്ന ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്.ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല.നടപ്പിലാക്കിയ പദ്ധതികൾക്ക് സുലേഖ പ്രകാരമുള്ള ചെലവുകളും ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല. ചെലവഴിച്ച മുഴവൻ തുകകളെയും സംബന്ധിച്ച വിവരങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പദ്ധതിനം, പേര് | അടങ്കൽ തുക | സുലേഖ പ്രകാരം ചെലവഴിച്ച തുക | ക്യാഷ് ബുക്കിലെ തുക | വ്യത്യാസം |
|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം 14/2019 | Scp-1416000 | 1400000 | 1000000 | |
| | Blockshare-1183242 | 400000 | 400000 | |
| | Total-3269834 | 1800000 | 1400000 | 400000 |
| വീട് മെയിന്റനൻസ് എസ്.സി.പി. 120/19 | Scp-1650000 | 1425000 | 750000 | 675000 |
| വീട് മെയിന്റനൻസ് എസ്.സി. 154/19 | Scp-1049440 | 900000 | 300000 | |
| | Own-560 | 560 | 560 | |
| | Total-1050000 | 900560 | 300560 | 600000 |

മേൽ പദ്ധതികൾക്കായി ചെലവഴിച്ച മുഴുവൻ തുകകളുടെയും വിവരങ്ങൾ ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി- ചെലവ് രേഖകൾ പൂർണ്ണവും കൃത്യവുമല്ല

ലൈഫ് ഭവനപദ്ധതി (13/2019) പ്രകാരം 335 ഗുണഭോക്താക്കൾക്ക് തൻവർഷം ആനുകൂല്യം നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 13,40,00,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന ഈ പദ്ധതിക്ക് 6,04,60,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.അക്വിറ്റൻസ് രജിസ്റ്ററിലെ ഗുണഭോക്താക്കളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും പൂർത്തീകരിച്ചിട്ടില്ല.

2. എല്ലാ ഗുണഭോക്താക്കളും തുക കൈപ്പറ്റിയ വിവരം അക്വിറ്റൻസ് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താവിന്റെ സാക്ഷ്യപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല.

3.ഗുണഭോക്താക്കളാരും തന്നെ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഭവന പദ്ധതി സംബന്ധിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കാലികമാക്കേണ്ടതും നിയമാനുസൃത മാതൃകയിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-34 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ 287507/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

2018-19 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി 13 പദ്ധതികൾ ഏറ്റെടുക്കുകയും അത്രതന്നെ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 87% ഉം ചെലവഴിച്ച് നിർവഹണോദ്യോഗസ്ഥ നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.

a.ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (പദ്ധതി നം103/19)

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി KADCOയിൽ നിന്നും 1,00,000/-രൂപായ്ക്ക് സ്റ്റീൽ ഉപകരണങ്ങൾ, റഫ്രിജറേറ്റർ എന്നിവ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയിട്ടുണ്ട്. (ട്രഷറി ബിൽ നം 18/18-19 തീ 15/02/19) ഈ വാങ്ങലിനായി 31/10/2018 ൽ സ്ഥാപനം ഇൻവോയ്സ് നൽകുകയും 03/02/19ൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.ടി)നം59/2017/sdp/20/10/17 സർക്കാർ ഉത്തരവ്(ആർ.ടി)നം 8/2018/ sdp 23/02/18 എന്നിവ പ്രകാരം സ്റ്റീൽ ഫർണിച്ചറുകൾ 20/10/17 മുതൽ ഒരു വർഷത്തേക്ക് (19/10/18) കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നത് 19/10/18 ന് ശേഷമാണ്. കൂടാതെ ഉത്തരവിൽ ഉൾപ്പെടാത്ത സ്റ്റീൽ ഇതര ഇനമായ റഫ്രിജറേറ്റർ (രൂപ 18,500/-) എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ ഒന്നും തന്നെ നിർവഹണോദ്യാഗസ്ഥ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

b.ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികൾക്ക് പരിശീലനത്തിന് സാധനം വാങ്ങൽ.(പദ്ധതി നം 125/19)

പദ്ധതി പ്രകാരം റോസ് ഫർണിച്ചർ ഉദിയൻ കുളങ്ങര എന്ന സ്ഥാപനത്തിൽ നിന്നും 8000/-രൂപ ചെലവഴിച്ച് പരിശീലനത്തിനായി ഒരു തയ്യൽ മെഷീൻ വാങ്ങിയിട്ടുണ്ട് (ട്രഷറി ബിൽ നം 27/18-19തീയതി 28/03/19)എന്നാൽ ഈ തയ്യൽ മെഷീൻ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി അതിൽ ചേർത്തതിനോ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഇത് കൈമാറിയതിനോ രേഖയില്ല. 8000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

c.അംഗനവാടി പോഷകാഹാരം ജനറൽ (പദ്ധതി നം 2/19)

പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

i ബിൽ നം 5/18-19 തിയതി 22/9/18പ്രകാരം പിൻവലിച്ച 22860/-രൂപയിൽ 4380/-രൂപയുടെ ചെലവ് രേഖകൾ മാത്രമെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ.18480/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ii. ബിൽ നം 7/18-19 തിയതി 27/10/18പ്രകാരം പിൻവലിച്ച 25540/രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

Iii. കേന്ദ്രഫണ്ട് വിഹിതം ചെക്ക് നം 2314070 തീയതി 14/03/19 പ്രകാരം പിൻവലിച്ച തുക 6640/- രൂപ മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ അംഗൻവാടികളിൽ എത്തിച്ചതിന് ഡ്രൈവർക്ക് നല്കിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

IVകേന്ദ്രഫണ്ട് വിഹിതം ചെക്ക് നം 4859055 തീയതി 06/08/18 പ്രകാരം പിൻവലിച്ച തുക 360926/- രൂപയിൽ മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ അംഗൻവാടികളിൽ എത്തിച്ചതിന് ഡ്രൈവർക്ക് നല്കിയ 3077/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

V. മാവേലി സ്റ്റോറിൽ നിന്നും വാങ്ങുന്ന ഭക്ഷണസാധനങ്ങൾ,ശക്തിശ്രീ കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങുന്ന ന്യൂട്രിമിക്സ് എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.അംഗനവാടികൾക്ക് ഇവ നല്കിയതു സംബന്ധിച്ച ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 53737/- (18480+25540+6640+3077) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

d.<u>അംഗനവാടി പോഷകാഹാരം -എസ്.സി (പദ്ധതി നം 32/19</u>)

പദ്ധതിയ്ക്കായി കേന്ദ്രഫണ്ട് വിഹിതം 225770/- രൂപ (ചെക്ക് നം 4859055 തീയതി 06/08/18) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ചെലവ് തുക സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,25,770/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 41/31.8.19).

# 1-35 പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സത്വര നടപടികൾ അനിവാര്യം

പഞ്ചായത്തിന്റെ വിവിധ ഭരണ സമിതി യോഗങ്ങളിൽ മുഖ്യ അജണ്ടയായി ഉൾപ്പെടുത്തി പഞ്ചായത്തിന്റെ വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് തീരുമാനം ഉണ്ടായിട്ടുണ്ട്. നാളിതുവരെ അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ഭാഗമാക്കാത്തവയും പുറമ്പോക്ക് ഭൂമിയും അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേ ഓഫീസറോട് അഭ്യർത്ഥിക്കുന്നതിനും നിലവിൽ പഞ്ചായത്തിന്റെ ഭാഗമായുള്ള ഭൂമി പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പാക്കുന്നതിനും തീരുമാനമായി. ഇതിന്റെ ഭാഗമായി 20.08.2018 ലെ ജനറൽ കമ്മിറ്റി മീറ്റിംഗ് അജണ്ട 6 തീരുമാനം1 അനുസരിച്ച് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ചുമതല വഹിക്കുന്ന കമ്മറ്റി രൂപീകരിച്ചു. പഞ്ചായത്ത് അധീനതയിലുള്ള മുഴുവൻ വസ്തുവകകളും അളന്ന് തിട്ടപ്പെടുത്തി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമുണ്ടായി. പ്രസ്തുത തീരുമാനമനുസരിച്ച് ഭരണസമിതിയിൽ ഉന്നയിക്കപ്പെട്ട ഏതാനും വസ്തു വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | വസ്തുവിന്റെ വിവരണം | ഭരണ സമിതി മീറ്റിംഗ് തീയതി |
|---|---|---|
| 1. | പശുവണ്ണറ വാർഡിലെ കൊറളി നട മുതൽ ഉഴമലയ്ക്കൽ... | 28.4.2018 |
| 2. | കുറയാണിക്കാട് സാംസ്കാരിക നിലയം ബ്ലോക്ക് നം 26 ൽ 54/11-ാം നം റീസർവ്വേയിൽപ്പെട്ട വസ്തു. | 27.6.2018 |
| 3. | മുക്കോലവിള വാർഡിലെ ചിറക്കോണം കുളം, തുടലി വാർഡിലെ കോവില്ലവിള കക്കോട്ട് കോണം കുളം, ചിറക്കുന്ന് വഴിയുള്ള റോഡിന്റെ പുറമ്പോക്ക് ഭൂമി. | 27.6.2018 |
| 4. | കൃഷിഭവൻ ഓഫീസ്, വിപണന കേന്ദ്രം എന്നിവ സ്ഥിതി ചെയ്യുന്ന ഒരു ഏക്കർ 14 സെന്റ് ഭൂമി. | 20.8.2018 |

കമ്മിറ്റി രൂപീകരിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും, മേൽ പട്ടിക പ്രകാരമുള്ള വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങളും ബന്ധപ്പെട്ട ആധികാരിക രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും 22.8.2019 ലെ ഓഡിറ്റ് എൻക്വയറി നം 5 മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. പൊതു സ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്നതാണ്. പഞ്ചായത്തിന്റെ ആസ്തിയെ സംബന്ധിച്ച ഗൗരവതരമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നത്

അഭിലഷണീയമല്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും അടിയന്തിര പ്രാധാന്യം നൽകി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-36 എ .ബി.സി. പദ്ധതി നടത്തിപ്പിലെ അപാകതകൾ

**a) ചെലവുരേഖ ഹാജരാക്കിയില്ല-210000/-രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നമ്പർ - SO 121/19

പദ്ധതിയുടെ പേര് - അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ.

പദ്ധതി തുക - 210000/-

പദ്ധതി ചെലവ് - 210000/-

ബിൽനം.തിയതി - 1/18-19, 23-8-18

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് നായ്ക്കളെ വന്ധ്യംകരിച്ച് തെരുവ് നായ്ക്കളുടെ എണ്ണം കുറച്ചു കൊണ്ടു വരുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഒരു തെരുവ് നായ്ക്ക് 2100/-രൂപ നിരക്കിൽ 100 തെരുവ് നായ്ക്കളെ വന്ധ്യം കരിക്കുന്നതിനായി 210000/- രൂപ കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർക്ക് നൽകി. എന്നാൽ എ.ബി.സി പദ്ധതി നിർവഹണം നടത്തിയ എ.ബി.സി മൈക്രോ സംരംഭ യൂണിറ്റിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനെ സംബന്ധിച്ച് നൽകിയ 37/19 നം.ഓഡിറ്റ് അന്വേഷണകുറിപ്പിന് ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതി നിർവഹണത്തിനായി ചെലവഴിച്ച 210000/-രൂപ തടസ്സപ്പെടുത്തുന്നു. 210000/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**b)എ .ബി.സി. പദ്ധതി - സ്റ്റാറ്റസ് റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല.**

ഗ്രാമപഞ്ചായത്തിന്റെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ ആകെ നായ്ക്കളുടെ എണ്ണം 2026 എന്നും ലൈസൻസ് ഉള്ളവ 75 എന്നും തെരുവ് നായ്ക്കളുടെ എണ്ണം 165 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ സംബന്ധി ച്ച് നൽകിയ അന്വേഷണക്കുറിപ്പ് 37/19-ന് വെറ്റിനറി സർജൻ നൽകിയ മറുപടിയിൽ 2017-18 ൽ 81 തെരുവ് നായക്കളെയും, 2018-19 ൽ 100 തെരുവ് നായക്കളെയും വന്ധ്യംകരിച്ചതായും 2019-20 ൽ 100 നായ്ക്കളെ കൂടി വന്ധ്യംകരിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതായും രേഖാമൂലം അറിയിച്ചു. ഇതിൽ നിന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉള്ളതിനെക്കാൾ കൂടുതൽ തെരുവ് നായ കളെ വന്ധ്യംകരിച്ചതായി രേഖകൾ വ്യക്തമാക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കാത്തതിനാലാണ് നായ്ക്കളുടെ എണ്ണത്തിൽ ഇത്തരത്തിൽ പൊരുത്തക്കേടുകൾ സംഭവിച്ചത്. സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-37 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും മോണിറ്ററിംഗ് സംവിധാനവും കാര്യക്ഷമമല്ല.

പഞ്ചായത്ത് പ്രദേശത്തിന് അനുയോജ്യമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല എന്ന് മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. ഏതാനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന അവലോകന റിപ്പോർട്ട് (മിനിറ്റ്സ് പ്രകാരം) ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗം നടന്ന തീയതി | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|
| പൊതുഭരണവും ധനകാര്യവും | 2018-19 ൽ യോഗം നടന്നിട്ടില്ല | | 12.3.18, 14.3.18 തീയതി കളിൽ അംഗങ്ങളുടെ പേരുകൾ മാത്രം രേഖപ്പെടുത്തി |

| | | | |
|---|---|---|---|
| ദാരിദ്ര്യ ലഘൂകരണം | 2.2.2018 | 18-19 പദ്ധതി രൂപീകരണം | 13 പദ്ധതികൾ നടപ്പാക്കാൻ നിർദേശം |
| | 22.10.2018 | 19-20 പദ്ധതി രൂപീകരണം | |
| | 24.11.2018 | വൈസ് ചെയർമാൻ തിരഞ്ഞെടുപ്പ് | 9 പദ്ധതികൾ നടപ്പാക്കാൻ നിർദേശം |
| പൊതുമരാമത്ത് വൈദ്യുതി | 6.10.2018 | ഇല്ല | |
| | 24.11.2018 | 12 തീരുമാനങ്ങൾ എടുത്തു | |
| | 15.12.2018 | ഇല്ല | |
| കൃഷി | 6.10.2018 | ഇല്ല | |
| | 22.10.2018 | 19-20 പദ്ധതി രൂപീകരണം | |
| | 24.11.2018 | രണ്ട് പദ്ധതികൾക്ക് നിർദേശം | |

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗനിർദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് പങ്കാളികളാകുന്ന തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഭരണതലത്തിൽ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-38 ബി 4ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ നീക്കിയിരിപ്പായി തിരിച്ചറിയാൻ കഴിയാത്ത ബാധ്യതകൾ നിലനിൽക്കുന്നു.

| ഇനം (ഹെഡ് കോഡ്) | 2018-19 ലെ നീക്കിയിരിപ്പ് |
|---|---|
| ടോട്ടൽ സാനിട്ടേഷൻ<br>320100115 | 22240 |
| ഐ.സി.ഡി.എസ്<br>320100121 | 416978 |
| Social welfare (cap)<br>320200205 | 280000 |
| വിമുക്തി<br>320200301 | 25000 |
| ലിറ്ററസി സ്കീം ഗ്രാന്റ്<br>320200309 | 402649 |
| Other govt agencygrants<br>320300199 | 837925 |
| ഗുണഭോക്തൃവിഹിതം<br>320800101 | 73094 |

നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/30-8-19) മറുപടി ലഭ്യമാക്കിയിട്ടില്ല. ബി 4 പ്രകാരമുള്ള തുകകൾ നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഹെഡിലേയ്ക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 664 പദ്ധതികൾ അംഗീകരിച്ചുവെങ്കിലും 400 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (തോട്, കുളം, കനാൽ എന്നിവയുടെ നവീകരണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ), വ്യക്തിഗത ആസ്തികളുടെ നിർമാണം (കുളുസ്, കിണർ, ഫാംപോണ്ട്, കോഴിക്കൂട്, പശുത്തൊഴുത്ത് എന്നിവയുടെ നിർമാണം, ഭവനപദ്ധതികളിൽ അവിദഗ്ധ തൊഴിൽ ദിനങ്ങൾ, ഭൂവികസന പ്രവൃത്തികൾ), ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ (റോഡുകളുടെ നിർമാണം) എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2018-19ൽ ഗ്രാമപഞ്ചായത്തിന് കീഴിൽ 68 പേർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ആകെ 4789 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുത്തു. ആകെ 790 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടു ണ്ട്. (എൻക്വയറി നം.14/24.8.19)

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്ന പ്രകാരം വേതനത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാത നിർമാണം എന്നയിനത്തിൽ 4 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്

{ചിലമ്പറ വാർഡിൽ കട്ടോട്ട് കൊടിക്കകം നടപ്പാത നിർമാണം (191/18-19, ചെലവ് - 171961/-),

കുറ്റിയാണിക്കാട് വാർഡിൽ മുഴങ്ങിൽ നടപ്പാത നിർമാണം (285/18-19, ചെലവ് - 78166/-)

മൈലച്ചൽ വാർഡിൽ വിട്ടിയോട് വേങ്കോട്ടുകുഴി നടപ്പാത നിർമാണം (34/18-19, ചെലവ് - 182983/-)

മൈലച്ചൽ വാർഡിൽ പറിപ്പുരയിൽ വീട് വലിയറക്കോണം നടപ്പാത നിർമാണം (260/18-19, ചെലവ് - 168090/-)}

പ്രവൃത്തി നടത്തിയിരിക്കുന്ന റോഡുകൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/31.8.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 .
ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 .
ഇല്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.6.09 മുതൽ 25.6.19 വരെ | കെ.എസ്.എ.റ്റി.വി.എം.ജിപി2/1194/19 തീയതി.17.8.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 105000 | ഹരിതഭവനം | 105000 | |
| | | 12750 | കേദാരം | 4250 | 850 |
| | | 2679184 | ലൈഫ്(ജനറൽ) | 2679184 | |
| | | 320625 | ലൈഫ്(എസ്.സി.പി) | 0 | 320625 |
| | | 360000 | ക്ഷീരസമൃദ്ധി(ജനറൽ) | 360000 | 0 |
| | | 476000 | ക്ഷീരസമൃദ്ധി(വനിത) | 476000 | 0 |
| | 2017-18 | ലഭ്യമല്ല | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 42375 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 8500 | കേദാരം | 8500 | 0 |
| | | 1949462 | ലൈഫ്(ജനറൽ) | 1949462 | 0 |
| | | 1183272 | ലൈഫ്(എസ്.സി.പി) | 400000 | 783272 |
| | | 100000 | അംഗൻവാടി പോഷകാഹാരം(പട്ടികജാതി) | 100000 | 0 |
| | | 320625 | *സ്നേഹസ്പർശം (മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്)* | 320625 | 0 |
| | | 250000 | എരുമോടേ കൈതക്കുഴി റോഡ് നിർമ്മാണം | 250000 | 0 |
| | | 250000 | ഉദയൻകാവ് ചെമ്പൂര് റോഡ് സൈഡ് കെട്ട് | 250000 | 0 |
| | | 700000 | ക്ഷീരസമൃദ്ധി(ജനറൽ) | 700000 | 0 |
| | | 300000 | ക്ഷീരസമൃദ്ധി(വനിത) | 300000 | 0 |
| | | 288000 | കിണർ റീചാർജ് (ജനറൽ) | 0 | 288000 |
| | | 48000 | കിണർ റീചാർജ് (എസ്.സി.പി) | 0 | 48000 |
| | | 134227 | ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 132000 | 0 |
| | | ലഭ്യമല്ല | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സഹായം | 140000 | - |

| | | | | | |
|---|---|---|---|---|---|
| | 2017-18 | | | | |

(*) രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം 2018-19 ലെ ബ്ലോക്ക് പഞ്ചായത്ത് വരവ് (5772336/-) ലഭ്യമാക്കിയ രേഖകളുമായി (ബാങ്ക് ബുക്ക്, സ്റ്റേറ്റ്മെന്റ് എന്നിവ) പൊരുത്തപ്പെടുന്നില്ല (5753836/-). വ്യത്യാസം 18500/- രൂപ. ഇതിൽ 10000/-രൂപ ഐ.സി.ഡി.എസ് സംസ്ഥാന വിഹിതം ട്രഷറി അക്കൗണ്ട് മുഖേന നേരിട്ട് ലഭ്യമായത് കൂടെ ഉൾപ്പെട്ടിട്ടുണ്ട്. തൻവർഷം ചെലവഴിച്ചിട്ടില്ല. 8500/- രൂപ കേദാരം പാഡി കൾട്ടിവേഷൻ ബ്ലോക്ക് വിഹിതമിനത്തിൽ മൈലച്ചൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് തനത് ഫണ്ട് അക്കൗണ്ടിലെ വരവാണ് ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ നീട്ടലും പോസ്റ്റ് സ്ഥാപിക്കലും | 18020152022100803109/ 15.11.18 | 634998 | - | 634998 |
| | തെരുവ് വിളക്കിനായി പ്രത്യേക ലൈൻ വലിക്കൽ | 18020152022100865950/ 28.11.2018 | 174840 | 174840 | 0 |
| | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കൽ (*)(241/19) | 18020152022101239707/ 101239709/22.02.2019 | 109474* | - | 109474 |
| വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (101/19) | 18020152022101015180/ 31.12.18 | 754000 | - | 754000 |
| വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (107/19) | 18020152022101015188/ 31.12.18 | 668000 | - | 668000 |
| കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമാണം (136/19) | - | 241640 | 241640 | - |

* പ്രോജക്ട് നം 241/19 പ്രകാരം കെ.എസ്.ഇ.ബി ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ (109474) rp 47 ൽ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരം (സുലേഖ, പ്രോജക്ട് ഫയലുകൾ) നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ നീക്കിയിരിപ്പ് (2166472)ഉം എ.എഫ്.എസ് പ്രകാരം (3824577) ഉം ആണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് | സ.ഉ(സാധാ) നം. 275/2010/ എൽ.എസ്.ജി.ഡി തീയതി. 27.01.2010 | 13014000 | 2510405 | 1526250 | 984155 |
| KURDFC | ജി.ഒ(എം.എസ്)/68/lsgd dtd 18.5.18 | 51593146 | - | - | 51593146 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 145858055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 134204407 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 502507 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | - |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 5000 | ശ്രീ.ഷാജികുമാർ,സെക്രട്ടറി |
| 1-34 | 287507 | ശ്രീമതി.സുബി.ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-36 | 210000 | ഡോ.സൂരജ്,വെറ്റിനറി സർജൻ |
| ആകെ | 502507 | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുബി | ICDS സൂപ്പർവൈസർ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | വിനോദ് ഭവൻ ളുങ്ങാംപാറ കണ്ടല പി ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 4 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 2 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 | |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 2 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1141/2017, 25-11.2017 | 3 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2380/2018, 12-07.2019 | 8 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി